"ഭരണഭാഷ-മാതൃഭാഷ"
## വ്യാവസായിക പരിശീലന വകുപ്പ്
(കേരള സംസ്ഥാനം)

ട്രെയിനിംഗ് ഡയറക്ടറേറ്റ്,
തൊഴിൽഭവൻ, തിരുവനന്തപുരം

## അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടിക്രമം
(നിലവിൽ: അനിൽകുമാർ. സി.എസ്)

വിഷയം: വ്യാവസായിക പരിശീലന വകുപ്പ് - ട്രെയിനിംഗ് ഡയറക്ടറേറ്റ് - ജീവനക്കാര്യം - ഹെഡ് ക്ലാർക്ക് തസ്തികയിൽ സ്ഥലംമാറ്റം അനുവദിച്ചും, ഉദ്യോഗക്കയറ്റം അനുവദിച്ചും ഉത്തരവാകുന്നു.

പരാമർശം: 1) 22.04.2016-ലെ A3/3309/2016 നമ്പരായ സീനിയർ ക്ലാർക്ക് തസ്തികയുടെ അന്തിമ സീനിയോരിറ്റി ലിസ്റ്റ്.

2) സർക്കാർ കത്ത് നമ്പർ. സി1/55/2020/തൊഴിൽ, തീയതി: 30.08.2020

3) 29.09.2020 ലെ DT/41246/2018-A3 നമ്പരായ ഉത്തരവ്.

4) 29.09.2020 ലെ DT/41246/2018-A3(1) നമ്പരായ ഉത്തരവ്.

5) 30.10.2020 ലെ DT/332/2019-A3 നമ്പരായ ഉത്തരവ്.

6) ശ്രീ. പ്രശാന്ത് പി.കെ, ഹെഡ് ക്ലാർക്ക്, ഐ.ടി.ഐ കൊല്ലം-ന്റെ 07.10.2020 തീയതിയിലെ അപേക്ഷ

7) ശ്രീമതി. സ്മിത. കെ.എസ്, ഹെഡ് ക്ലാർക്ക്, ഐ.ടി.ഐ ഏറ്റുമാനൂർ-ന്റെ 06.07.2020 തീയതിയിലെ അപേക്ഷ

8) ശ്രീമതി. ബിന്ദു. എ.ബി, ഹെഡ് ക്ലാർക്ക്, ഐ.ടി.ഐ മാള-യുടെ 08.07.2020 തീയതിയിലെ അപേക്ഷ

9) ശ്രീമതി. മുംതാസ്. പി.എച്ച്, ഹെഡ് ക്ലാർക്ക്, ആർ.ഐ സെന്റർ കോട്ടയം-ന്റെ 24.07.2020 തീയതിയിലെ അപേക്ഷ

10) ശ്രീമതി. ബേബി ഗിരിജ. കെ, ഹെഡ് ക്ലാർക്ക്, ഐ.ടി.ഐ ചെങ്ങന്നൂർ-ന്റെ 08.07.2020 തീയതിയിലെ അപേക്ഷ

11) ശ്രീ. പ്രസാദ്. കെ.എസ്, ഹെഡ് ക്ലാർക്ക്, ഐ.ടി.ഐ പള്ളിക്കത്തോട്-ന്റെ 05.10.2020 തീയതിയിലെ അപേക്ഷ

## ഉത്തരവ് നമ്പർ: DT/41347/2018-A3, തീയതി: 30/10/2020

പരാമർശം (5) പ്രകാരം നടത്തിയ പ്രൊമോഷന്റെ അടിസ്ഥാനത്തിൽ വകുപ്പിൽ ചുവടെപ്പറയുന്ന സ്ഥാപനങ്ങളിൽ ഹെഡ് ക്ലാർക്ക് തസ്തികയിൽ 3 ഒഴിവ് നിലവിലുണ്ട്.

1. ആർ.ഐ സെന്റർ കളമശ്ശേരി
2. ഐ.ടി.ഐ (വ) കോഴിക്കോട്
3. ഐ.ടി.ഐ കട്ടപ്പന

വകുപ്പിന്റെ കീഴിലെ വിവിധ സ്ഥാപനങ്ങളിൽ സേവനത്തിലുള്ള ഹെഡ് ക്ലാർക്ക് തസ്തികയിലെ ജീവനക്കാരിൽ നിന്നും സ്ഥലം മാറ്റം ലഭിക്കുന്നതിനായി പരാമർശം (6) മുതൽ (11) വരെ അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ടി അപേക്ഷകൾ പരിഗണിച്ച് ഒഴിവുകളുടെ അടിസ്ഥാനത്തിൽ ഹെഡ് ക്ലാർക്ക് തസ്തികയിൽ ചുവടെപ്പറയും പ്രകാരം സ്ഥലം മാറ്റം അനുവദിക്കുന്നു.

| ക്രമ നം | പേര് / തസ്തിക / നിലവിൽ സേവനത്തിലുള്ള സ്ഥാപനം | സ്ഥലം മാറ്റം ആവശ്യപ്പെട്ട സ്ഥാപനം | സ്ഥലം മാറ്റി നിയമിക്കുന്ന സ്ഥാപനം | റിമാർക്സ് |
|---|---|---|---|---|
| 1 | ശ്രീ. പ്രശാന്ത്. പി.കെ, ഐ.ടി.ഐ കൊല്ലം | ആർ.ഐ.സി കളമശ്ശേരി / ഐ.ടി.ഐ മാള | ആർ.ഐ.സി കളമശ്ശേരി | |
| 2 | ശ്രീമതി. സ്മിത. കെ.എസ്, ഐ.ടി.ഐ ഏറ്റുമാനൂർ | ആർ.ഐ.സി കളമശ്ശേരി | | സ്ഥലം മാറ്റം അനുവദിക്കുന്നില്ല |
| 3 | ശ്രീമതി. ബിന്ദു. എ.ബി, ഐ.ടി.ഐ മാള | കോഴിക്കോട് ജില്ല | ഐ.ടി.ഐ (വ) കോഴിക്കോട് | |
| 4 | ശ്രീമതി. മുംതാസ്. പി.എച്ച്, ആർ.ഐ.സി കോട്ടയം | ആർ.ഐ.സി കളമശ്ശേരി | | സ്ഥലം മാറ്റം അനുവദിക്കുന്നില്ല |
| 5 | ശ്രീമതി. ബേബി ഗിരിജ. കെ, ഐ.ടി.ഐ ചെങ്ങന്നൂർ | കോഴിക്കോട് ജില്ല | | സ്ഥലം മാറ്റം അനുവദിക്കുന്നില്ല |
| 6 | ശ്രീ. പ്രസാദ്. കെ.എസ്, ഐ.ടി.ഐ പള്ളിക്കത്തോട് | ഐ.ടി.ഐ കട്ടപ്പന | ഐ.ടി.ഐ കട്ടപ്പന | |

മേൽപ്പറയും പ്രകാരം സ്ഥലം മാറ്റം അനുവദിച്ച ശേഷം ചുവടെപ്പറയുന്ന സ്ഥാപനങ്ങളിലാണ് ഹെഡ് ക്ലാർക്ക് തസ്തികയിൽ ഒഴിവ് നിലവിലുള്ളത്.

- ഐ.ടി.ഐ മാള
- ഐ.ടി.ഐ പള്ളിക്കത്തോട്
- ഐ.ടി.ഐ കൊല്ലം

കണ്ണൂർ, ആർ.ഐ.സെന്റർ-ലെ സീനിയർ ക്ലാർക്ക്, ശ്രീ. ഗിരീശൻ. എ.പി-യുടെ സീനിയർ ക്ലാർക്ക് തസ്തികയിലെ സീനിയോരിറ്റി സംബന്ധിച്ച് ടിയാന്റെ അപേക്ഷയുടെ അടിസ്ഥാനത്തിൽ സർക്കാരിൽ സ്പഷ്ടീകരണം തേടുകയും ഇക്കാര്യത്തിൽ ടിയാന്റെ സീനിയർ ക്ലാർക്ക് തസ്തികയിലെ സീനിയോരിറ്റി പുന:ക്രമീകരിച്ച് നൽകണമെന്നും, എന്നാൽ ഹെഡ് ക്ലാർക്ക് തസ്തികയിൽ ടിയാന് അനുവദിച്ച് നൽകിയ റഗുലർ പ്രൊമോഷനാണ് ടിയാൻ സ്വന്തം ഇഷ്ടപ്രകാരം പരിത്യജിച്ചത് എന്നതിനാൽ പരിത്യാഗ കാലയളവിൽ ടിയാന് ചട്ടം. 38-ന് താഴെയുള്ള വിശദീകരണമനുസരിച്ച് സീനിയോറിറ്റി നഷ്ടമാകുമെന്നതിനാൽ പ്രസ്തുത പരിത്യാഗ കാലയളവിൽ ഹെഡ് ക്ലാർക്കിലും, അതിന്റെ ഉയർന്ന തസ്തികയിലും പ്രൊമോഷൻ ലഭിച്ച ടിയാന്റെ ജൂനിയർമാരെ ടിയാന് മറികടക്കുവാനുമാവില്ലായെന്നും, പ്രൊമോഷൻ പരിത്യജിച്ചത് പിൻവലിക്കുവാനുള്ള ടിയാന്റെ അപേക്ഷയിന്മേൽ അനുമതി നൽകാമെന്നും, ടി അനുമതി ഉത്തരവ് തീയതി മുതൽ ഉണ്ടാകുന്ന അടുത്ത ഹെഡ് ക്ലാർക്ക് തസ്തികയുടെ ഒഴിവിലേക്ക് ടിയാനെ

പരിഗണിക്കണമെന്നും പരാമർശം (2) പ്രകാരം സർക്കാർ സ്പഷ്ടീകരണം നൽകുകയും, ആയത് പ്രകാരം പരാമർശം (3), (4) പ്രകാരം ഉത്തരവുകൾ പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. ജൂനിയർ സൂപ്രണ്ട് തസ്തികയിൽ ഉദ്യോഗക്കയറ്റം നൽകണമെന്ന ശ്രീ. ഗിരീശൻ. എ.പി-യുടെ 05.10.2020, 08.10.2020 എന്നീ തീയതികളിലെ പുതിയ അപേക്ഷകൾ സർക്കാർ പരിഗണനയ്ക്ക് സമർപ്പിച്ചിട്ടുണ്ട് എങ്കിലും പരാമർശം (2)-ലെ സർക്കാർ നിർദ്ദേശവും, പരാമർശം (3), (4) ഉത്തരവുകളുമാണ് നിലനിൽക്കുന്നത് എന്നതിനാൽ പരാമർശം (4) ഉത്തരവ് തീയതിക്ക് ശേഷം ഉണ്ടാകുന്ന ആദ്യത്തെ ഹെഡ് ക്ലാർക്ക് തസ്തികയുടെ ഒഴിവിലെ ഉദ്യോഗക്കയറ്റത്തിനാണ് ടിയാനെ പരിഗണിക്കേണ്ടത്.

മേൽ വസ്തുതകളുടെ അടിസ്ഥാനത്തിൽ പരാമർശം (1) പ്രകാരമുള്ള സീനിയർ ക്ലാർക്ക് തസ്തികയുടെ അന്തിമ സീനിയോരിറ്റി ലിസ്റ്റിൽ ഉൾപ്പെട്ട താഴെപ്പറയുന്ന ജീവനക്കാർക്ക് KS&SSR-ലെ പൊതുചട്ടം 28(b)(ii) പ്രകാരം 27800-59400 രൂപാ ശമ്പള സ്കെയിലിൽ ഹെഡ് ക്ലാർക്ക് തസ്തികയിൽ ഉദ്യോഗക്കയറ്റം നൽകി ചുവടെപ്പറയും പ്രകാരം നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ക്രമ നം | സീനിയോരിറ്റി ലിസ്റ്റിലെ ക്രമ നം. | പേര് / തസ്തിക നിലവിൽ സേവനത്തിലുള്ള സ്ഥാപനം | ഉദ്യോഗക്കയറ്റം അനുവദിച്ച് നിയമിക്കുന്ന സ്ഥാപനം | റിമാർക്സ് |
|---|---|---|---|---|
| 1 | 245(A) | ശ്രീ. ഗിരീശൻ. എ.പി, സീനിയർ ക്ലാർക്ക്, ആർ.ഐ.സി കണ്ണൂർ | ഐ.ടി.ഐ മാള | |
| 2 | 317 | ശ്രീമതി. താഹിറ. എം, സീനിയർ ക്ലാർക്ക്, ഐ.ടി.ഐ പുറക്കാട് | ഐ.ടി.ഐ പള്ളിക്കത്തോട് | |
| 3 | 318 | ശ്രീ. പ്രശാന്ത്. വി, സീനിയർ ക്ലാർക്ക്, ട്രെയിനിംഗ് ഡയറക്ടറേറ്റ് | ഐ.ടി.ഐ കൊല്ലം | |

മേൽപ്പറയും പ്രകാരം ഉദ്യോഗക്കയറ്റം ലഭിച്ച ജീവനക്കാർ അതാത് സ്ഥാപനമേധാവി മുമ്പാകെ സേവനത്തിൽ പ്രവേശിക്കേണ്ടതാണ്. വിടുതൽ ചെയ്തതും, സേവനത്തിൽ പ്രവേശിച്ചതുമായ വിവരം സ്ഥാപനമേധാവികൾ ഈ കാര്യാലയത്തിൽ അറിയിക്കേണ്ടതുമാണ്.

ഒപ്പ്/-

**അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ**

**സ്വീകർത്താവ്:**

ബന്ധപ്പെട്ട ജീവനക്കാർക്ക് (സ്ഥാപനമേധാവി മുഖേന)

പകർപ്പ് :- 1. ബന്ധപ്പെട്ട സ്ഥാപനമേധാവികൾക്ക്

2. ജെ.എ.എ(സി) വകുപ്പ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്.

3. സ്റ്റോക്ക് ഫയൽ(എ 3)

//ഉത്തരവിൻപ്രകാരം//

സീനിയർ സൂപ്രണ്ട്